26 DEC 2024

ഭരണഭാഷ-മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
കമലേശ്വരം,മണക്കാട്-പി.ഒ., തിരുവനന്തപുരം-695 009
ടെലി/ഫാക്സ്:0471-2459365/2459159
വെബ് സൈറ്റ്:www.hed.kerala.gov.in
ഇമെയിൽ:ce.hed@kerala.gov.in

നം.എച്ച്.ഇ.സി.ഇ/27/2024-ബി2(1) തീയതി: 25-12-2024

പ്രേഷകൻ

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

ചീഫ് എഞ്ചിനീയർ
പൊതുമരാമത്ത് വകുപ്പ് (അഡ്മിനിസ്ട്രേഷൻ)
തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ
ഇറിഗേഷൻ വകുപ്പ് (അഡ്മിനിസ്ട്രേഷൻ)
തിരുവനന്തപുരം

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
തിരുവനന്തപുരം

സർ,

വിഷയം:- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്-എക്സിക്യൂട്ടീവ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) തസ്തികയിൽ അന്യത്രസേവന നിയമനം-സംബന്ധിച്ച്.

സൂചന:- ഈ കാര്യാലയത്തിലെ 21/12/2024-ലെ എച്ച്.ഇ.സി.ഇ/27/2024-ബി2 നമ്പരായ പുനർ വിജ്ഞാപനം

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ ഒരു ഒഴിവ് അന്യത്ര സേവന നിയമനം മുഖേന നികത്തുന്നതിന് അപേക്ഷ ക്ഷണിച്ച് കൊണ്ടുള്ള പുനർവിജ്ഞാപനം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് താങ്കളുടെ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കിടയിൽ സർക്കലേറ്റ് ചെയ്യണമെന്ന്

അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**Signed by Mohamed Ansari**
**M A**
**Date: 25-12-2024 14:37:14**
CH I EF ENGINEER

ഉള്ളടക്കം : മേൽപറഞ്ഞത്.

*ഇത് കംപ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാനുവൽ ഒപ്പ് ആവശ്യമില്ല*

"ഭരണഭാഷ – മാതൃഭാഷ"

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്
കമലേശ്വരം, മണക്കാട് – പി.ഒ. തിരുവനന്തപുരം – 695009
ടെലി/ഫാക്സ് : 0471-2459365/2459159
വെബ് സൈറ്റ്: www.hed.kerala.gov.in
ഇമെയിൽ : ce.hed@kerala.gov.in

നമ്പർ : എച്ച്.ഇ.സി.ഇ/27/2024-ബി2 തീയതി : 21-12-2024

## പുനർ വിജ്ഞാപനം

ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് ചീഫ് എഞ്ചിനിയറുടെ കാര്യാലയത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) തസ്തികയിലെ ഒഴിവ് ഒരു വർഷത്തേക്ക് ഡെപ്യൂട്ടേഷൻ മുഖേന നികത്തുന്നതിന് യോഗ്യരായ ജീവനക്കാരിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു. കേരള സർക്കാർ വകുപ്പുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തികയിലോ നിർദ്ദിഷ്ട യോഗ്യതയുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ തസ്തികയിലോ സേവനം അനുഷ്ഠിക്കുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്. കെ എസ് ആർ ഭാഗം 1 ചട്ടം 144 പ്രകാരം നിർദിഷ്ട പ്രൊഫോർമയും വകുപ്പ് മേധാവിയുടെ നിരാക്ഷേപ പത്രവും സഹിതമുള്ള അപേക്ഷകൾ തപാൽ/ഇ-മെയിൽ മുഖേനയോ, നേരിട്ടോ 31-12-2024-ാം തീയതി, 5 PM-ന് മുൻപ് മുകളിൽ ചേർത്ത വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.

യോഗ്യതയും ജോലിപരിചയവും : ഇലക്ട്രിക്കൽ എഞ്ചിനിയറിംഗിൽ ബിരുദവും സർക്കാർ വകുപ്പുകളിൽ ആകെ 15 വർഷത്തെ സേവനവും ആയതിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ (ഇലക്ട്രിക്കൽ) തസ്തികയിൽ മൂന്ന് വർഷത്തിൽ കുറയാത്ത സേവനവും.

വിശദവിവരങ്ങൾക്ക് മേൽ സൂചിപ്പിച്ച വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്.

Signed by Mohamed Ansari
M A
Date: 21-12-2024 14:17:10
CHIEF ENGINEER

*ഇത് കംപ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണമാകയാൽ മാനുവൽ ഒപ്പ് ആവശ്യമില്ല*

CE
(Irrigation)